## അപരാഹ്ന സമ്മേളനം

### നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും

തടയൽ) ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതിന്റെ ഒരു പശ്ചാത്തലം നമുക്കറിയാം, സാഹചര്യവും അതോടൊപ്പം ഈ ബിൽ കൊണ്ടുവരണമെന്ന സർക്കാരിന്റെ സദുദ്ദേശ്യവും പരിഗണിച്ചുകൊണ്ട് ഭരണ പ്രതിപക്ഷ അംഗങ്ങളെല്ലാവരും ഇതിനോട് സഹകരിക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. വാസ്തവത്തിൽ ആദ്യം ഈ ഓർഡിനൻസ് വരുന്നത് 2010 ആഗസ്റ്റ് മാസത്തിലാണ്. 2012-ൽ നിയമസഭ പാസാക്കി. ആ നിയമത്തിലെ ചില ഭേദഗതികൾ പ്രത്യേകിച്ച് ആരോഗ്യരക്ഷാ സേവന പ്രവർത്തനങ്ങൾ നൽകുന്നവർ മനോധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും പ്രവർത്തിക്കാനുള്ള ഒരു സാഹചര്യം, അവർക്ക് പിന്തുണ നൽകണം, അത് നിയമത്തിലൂടെ കുടുതൽ ശക്തമാക്കണം എന്നുള്ളത് കണ്ടുകൊണ്ടാണ് ഈ ഭേദഗതി വന്നിട്ടുള്ളത്. ഇതിന്റെ നടപടിക്രമങ്ങൾ സർക്കാർ ആരംഭിച്ചിരുന്നു, ഏപ്രിൽ മാസത്തിൽ വിവിധ സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. പക്ഷേ നിർഭാഗ്യകരമായി മേയ് മാസത്തിൽ ഡോ. വന്ദനാ ദാസിന്റെ ദാരുണമായ കൊലപാതകമുണ്ടായി. ആ ഒരു സാഹചര്യത്തിലാണ് ഈ സഭയിൽ ഈ

ബില്ലിന്റെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് ചർച്ചയിലേയ്ക്ക് പോകുന്നില്ലെന്നുള്ളതുകൊണ്ട് ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

ശ്രീ. മാത്യു ടി. തോമസ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ദീർഘമായ സംഭാഷണത്തിന് മുതിരുന്നില്ല. ഒന്ന് ബിൽ അവതരിപ്പിക്കുന്ന സമയത്ത് ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. ആ പ്രശ്നത്തെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതാണ്. സബ്ജക്ട് കമ്മിറ്റി പരിശോധിച്ചിട്ടുണ്ടാകും. പക്ഷേ ഇവിടെ സമർപ്പിച്ച റിപ്പോർട്ടിൽ വിഷയം പരിഗണിച്ചതായോ അതിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തതായോ കാണുന്നില്ല. റിപ്പോർട്ട്

പ്രകാരം പുതിയ ബിൽ വന്നപ്പോൾ മാറ്റങ്ങൾ ഒന്നുമില്ലാത്തതിനാൽ സ്വീകരിച്ചില്ലെന്ന് മനസിലാക്കാം. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയ ഒരു കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്ത് എന്ത് തീരുമാനം എടുത്തുവെന്നുള്ളത് റിപ്പോർട്ടിൽ വരേണ്ടിയിരുന്നുവെന്നുള്ളതാണ് എനിക്ക് ഒന്നാമതായി ചൂണ്ടിക്കാണിക്കാനുള്ളത്. അടുത്തതായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ ആരോഗ്യ മേഖലയിൽ നിരന്തരമായി പ്രശ്നങ്ങൾ വർദ്ധിച്ചുവരികയാണ്. ജീവനക്കാരും ആരോഗ്യ മേഖലയിൽ പലരീതിയിലുള്ള സേവനങ്ങൾ സമർപ്പിക്കുന്ന ആളുകളും അതുപോലെ രോഗികളും അവരുടെ ബന്ധുക്കളും തമ്മിലുള്ള സംഘർഷങ്ങളും വർദ്ധിക്കുകയാണ്. അതൊരു ഹൃദ്യമായ അന്തരീക്ഷത്തിലേയ്ക്ക് വരണം. അവിടെ ഉത്തരവാദിത്വം രണ്ട് കൂട്ടർക്കും ഉണ്ട്. ആരോഗ്യ പ്രവർത്തകർക്കും അതുപോലെതന്നെ സ്റ്റേക്ക് ഹോൾഡേഴ്സ് ആയി എത്തുന്ന രോഗികൾക്കും ഈ ഒരു ധാരണയുണ്ടാക്കിയെടുക്കാൻ നമ്മൾ കൂട്ടലായി പ്രവർത്തിക്കണം. രണ്ടുമൂന്ന് വാക്കാലുള്ള ഭേദഗതികൾ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ടുണ്ട്.

(ശ്രീ. പി. അബ്ദുൽ ഹമീദ് സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ച വിഷയം അദ്ദേഹം ക്രമപ്രശ്നമായി ഉന്നയിച്ചതാണ്. അതിൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച തീരുമാനം എന്താണെന്നുള്ളത് സാങ്കേതികമായി റിപ്പോർട്ടിൽ വന്നിട്ടില്ല, ഈ അവസരത്തിൽ ഞാൻ അത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യൻ ശിക്ഷാനിയമം Quote ചെയ്ത സാഹചര്യത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽനിന്നും വ്യത്യസ്തമായി ശിക്ഷകൾ ഈ നിയമത്തിൽ വരേണ്ടതുണ്ടോയെന്നുള്ള ക്രമപ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമം മെൻഷൻ ചെയ്ത് പറഞ്ഞിരിക്കുന്ന വാക്കുകൾ പലതിലും മദർ ആക്റ്റിൽ നിർവ്വചനങ്ങൾ നൽകിയിരുന്നില്ല. ഇന്ത്യൻ ശിക്ഷാനിയമത്തിലെ നിർവ്വചനങ്ങൾ ആയിരിക്കും ഈ ആക്റ്റിൽ ഉപയോഗിച്ച വാക്കുകളുടെ നിർവ്വചനങ്ങളും.

"ഈ ആക്ടിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലോ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലോ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതത് സംഗതിപോലെ, പ്രസ്തുത സംഹിതകളിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.". എന്നതാണ് നിർവ്വചനം.

അതുമാത്രമല്ല, ക്രമപ്രശ്നം സഭയിൽ ഉന്നയിക്കപ്പെട്ട സമയത്തും പറഞ്ഞതാണ്; ഒരു വിഷയത്തിൽ ഒരു ജനറൽ ലോ-യും ഒരു സ്പെസിഫിക് ലോ-യും ഉള്ള സാഹചര്യത്തിൽ "Special law will prevail general law" എന്നുള്ളതാണ്. ഇവിടെ ചെയ്തിരിക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾ ഇങ്ങനെയൊരു അക്രമം ഉണ്ടായാൽ അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നതാണ്. പക്ഷേ ഇതിനിടയിൽ ഒരു ഗ്യാപ്പ് നിലനിൽക്കുന്നത് കണ്ടുകൊണ്ടാണ് ഇങ്ങനെയൊരു നിയമത്തിലേയ്ക്ക് നിയമസഭ പോയിട്ടുള്ളത്. ഉദാഹരണം പറഞ്ഞാൽ, വകുപ്പ് 325-ൽ Grievous hurt പറയുമ്പോൾ അതിലൊരു

മിനിമം ശിക്ഷ ഉറപ്പാക്കുന്നില്ലെങ്കിലും പരമാവധി ശിക്ഷ 7 വർഷം തന്നെയാണ്. ഇവിടെ ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ മദർ ആക്ടിലുള്ള നിർവ്വചനങ്ങൾ മാത്രമേയെടുക്കുന്നുള്ളൂ. ഈ സ്പെഷ്യൽ ലോ-യിൽ ചെയ്യുന്നത് മിനിമം ശിക്ഷയും പിഴയും കൂടി ഈടാക്കുന്നുവെന്നുള്ളതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ അതിന്റെ മെറിറ്റിലേയ്ക്ക് അല്ല പോയത് അതിന്റെ നടപടിക്രമങ്ങളിലേയ്ക്കാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഒരു വിഷയം പരിഗണിക്കുന്നതിന് സബ്ജക്ട് കമ്മിറ്റിക്ക് പ്രത്യേക നിർദ്ദേശം നൽകിയപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ അതുസംബന്ധിച്ച ഒരു സൂചനയുണ്ടാകണമായിരുന്നു, അതുണ്ടായില്ലെന്നുമാത്രമാണ് ഇവിടെ സൂചിപ്പിച്ചത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഉൾക്കൊള്ളുന്നു. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗിന്റെ ഭാഗമായി നിർദ്ദേശം പരിഗണിച്ചുവെന്നുള്ളത് റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.

മി.സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "ആംബുലൻസ് ഡ്രൈവർമാരും ഹെൽപ്പർമാരും" എന്നതിന് ശേഷം ", ക്ലീനിംഗ് സ്റ്റാഫ്" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 2(ബി)(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(vi)-ൽ "മറ്റേതൊരു വ്യക്തിയും" എന്നതിനുപകരം "പ്രകാരമുള്ള മറ്റേതൊരു ആരോഗ്യ രക്ഷാ സേവന പ്രവർത്തകനും" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

178. ഖണ്ഡം 2 (ബി)(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(vi)-ൽ, "വ്യക്തിയും." എന്ന വാക്കിനും ചിഹ്നത്തിനും പകരം "വിഭാഗം ജീവനക്കാരും." എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "സെക്യൂരിറ്റി

ഗാർഡുകൾ" എന്നതിന് പകരം "സുരക്ഷാ ജീവനക്കാർ" എന്ന് ചേർക്കുക.

162. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "മാനേജീരിയൽ സ്റ്റാഫ്," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മിനിസ്റ്റീരിയൽ ജീവനക്കാർ," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ച 161, 162 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1) ൽ, "ഏതൊരാളും" എന്നതിന് മുമ്പായി "3-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുന്ന" എന്ന് ചേർക്കുക.

188. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i) ൽ "(ഇ) ഇനത്തിൽ" എന്ന വാക്കിനും ചിഹ്നത്തിനും പകരം "(1)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

189. ഖണ്ഡം 3(എ)-പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "നിർവ്വചിച്ചിട്ടുള്ള ഒരു അക്രമ പ്രവർത്തനം" എന്നതിന് പകരം "നിർവ്വചിച്ച പ്രകാരമുള്ള അക്രമം" എന്ന് ചേർക്കുക.

197. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ, "ആണെങ്കിൽ" എന്നതിന് പകരം "ചെയ്യുന്ന സംഗതിയിൽ" എന്ന് ചേർക്കുക.

227. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ "കഠിനമായ" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

ശ്രീ ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3(എ)-പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "ചെയ്യുകയോ ചെയ്യുവാൻ" എന്നതിന് പകരം "നടത്തുകയോ നടത്തുവാൻ" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "തടവുശിക്ഷയ്ക്കും അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കും" എന്നതിന് പകരം "തടവുശിക്ഷയ്ക്കോ അമ്പതിനായിരം രൂപയിൽ കുറയാതെയും എന്നാൽ രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടും കൂടിയോ" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3(ബി) ഒഴിവാക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 3(ബി)-ൽ "പ്രവർത്തകനോ" എന്നതിന് ശേഷം "പ്രവർത്തകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"3(എ)(1)(i), 3(എ)(1)(ii)-ലും 'തടവിനും പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്' എന്ന് ഭേദഗതി വരുത്താവുന്നതാണ്."

ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ, "ആണെങ്കിൽ" എന്നതിന് ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

229. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ, "വിധേയനാക്കുകയാണെങ്കിൽ" എന്നതിനു ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ അവതരിപ്പിച്ച ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ച 198, 229 എന്നീ നമ്പർ ഭേദഗതികളും 188-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 185, 189, 197, 227 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 245-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(i)-ൽ "റാങ്കിൽ" എന്നതിന് പകരം "പദവിയിൽ" എന്ന് ചേർക്കുക.

262. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ (i)-ൽ "ഓഫീസർ" എന്നതിന് പകരം "ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

296. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(iii)-ൽ "ഗസറ്റിൽ" എന്നതിന് പകരം "ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(ii)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അത് ആറ് മാസത്തിൽ കൂടുതൽ" എന്നതിന് പകരം "പരമാവധി ആറുമാസം വരെ" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

308. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 എ(iv)-ൽ "പ്രോസിക്യൂട്ടറെ" എന്നതിന് പകരം "പ്രോസിക്യൂട്ടറെയും അനുബന്ധ ജീവനക്കാരെയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 261, 262, 296 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.ടി.എ. റഹീം അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>അഞ്ചാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

312. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "ചെയ്യാവുന്നതാണ്" എന്നതിന് പകരം "ചെയ്യാവുന്നതുമാണ്" എന്ന് ചേർക്കുക.

313. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 7(2)-ൽ "അതായത്.– "എന്ന വാക്കിനും ചിഹ്നങ്ങൾക്കും പകരം "അതായത്, ആരോഗ്യരക്ഷാസേവന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്.– " എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

318. ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(2)(ഇ)- ൽ "ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ആരോഗ്യ രക്ഷാ സേവന പ്രവർത്തകർ, ബന്ധപ്പെട്ട മറ്റ് പ്രൊഫഷണലുകൾ, മെഡിക്കൽ/പാരാമെഡിക്കൽ/നഴ്സിംഗ് വിദ്യാർത്ഥികൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്):

സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിലെ ഖണ്ഡം 5 പ്രകാരം, പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 7-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിലെ,-

(1) (സി) ഇനത്തിൽ "അലാറം സിസ്റ്റംസ്" എന്ന വാക്കുകൾക്ക് പകരം "അലാറം സംവിധാനങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

(2) (ഇ) ഇനത്തിൽ "ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട് ആരോഗ്യരക്ഷാ സേവന പ്രവർത്തകർ"എന്നീ വാക്കുകൾ ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 312, 313, 318 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം പരിഗണനയ്ക്കെടുത്തിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താനുള്ള ഒരു ബില്ലാണിത്. ക്ലോസ് ബൈ ക്ലോസ് പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക്

ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 1971-ലെ അടിസ്ഥാന നിയമവുമായി ബന്ധപ്പെട്ടുള്ള ചെറിയ ഭേദഗതികളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രധാനമായും മോട്ടാർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തുന്നത് ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു ഭേദഗതിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. അന്നത്തെ നിയമത്തിൽ ഉണ്ടായിരുന്ന ചില കുറവുകൾ പരിഹരിക്കുകയെന്നതാണ് ഭേദഗതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന മോട്ടോർത്തൊഴിലാളികൾക്ക് അവരുടെ ന്യായമായ കൂലി ക്ലെയിം ചെയ്യാനും അതിന് അപ്പീൽ നൽകാനും പരാതി കൊടുക്കാനുമൊക്കെ കഴിയുന്ന ഒരു സംവിധാനം ഒരുക്കുകയെന്നുള്ളതാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. അതിന്റെ ഫൈൻ വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാമാണ് ഇതിൽ സൂചിപ്പിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പ് കേരളത്തിലെ തൊഴിലാളികളുടെ ഇത്തരത്തിലുള്ള വളരെ ജനകീയമായ

പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടിയുള്ള വ്യത്യസ്തങ്ങളായ ഇടപെടലുകളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും അത്തരമൊരു ഇടപെടലിന്റെ ഭാഗമായാണ് ഇത്തരത്തിൽ ഒരു ബില്ലും കൊണ്ടുവരുന്നതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വളരെ കൃത്യമായ ഇടപെടലുകളാണ് ഇപ്പോൾ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് ധാരാളം മെച്ചം ഉണ്ടാകുന്നുണ്ട്. രാജ്യത്തെ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. അതിന് റിസർവ് ബാങ്കിന്റെ ഉൾപ്പെടെ അംഗീകാരം നേടിയെടുക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിലുള്ള ശരാശരിയെക്കാൾ വലിയ നിലയിലുള്ള വർദ്ധനയാണ് കൂലിയുടെ കാര്യത്തിൽ നമുക്ക് ഉണ്ടായിട്ടുള്ളത്. ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി അസംഘടിത തൊഴിലാളി മേഖലയിലും അതിഥിത്തൊഴിലാളി മേഖലയിലും ചുമട്ടുതൊഴിലാളി മേഖലയിലും ഗാർഹിക തൊഴിലാളി മേഖലയിലുമെല്ലാം വലിയ നേട്ടങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ചുമട്ടുതൊഴിലാളികൾക്ക് ചുമട് ഭാരം കുറയ്ക്കുന്നതുൾപ്പെടെയുള്ള

വിഷയത്തിൽ വകുപ്പിന് ഇടപെടാൻ സാധിച്ചിട്ടുണ്ട്. സ്ത്രീത്തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ, തോട്ടം തൊഴിലാളികളുടെ പ്രശ്നം എന്നിവയൊക്കെ മുൻകാലങ്ങളിലെല്ലാം ഏറെ ചർച്ച ചെയ്തതാണ്. ആ പ്രശ്നത്തിലൊക്കെ വലിയ നിലയിലുള്ള ഒരു ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അവസ്ഥയൊക്കെ പരിഹരിക്കാനായി ജനനി ഭവന പദ്ധതിയുൾപ്പെടെ വിവിധങ്ങളായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഗാർഹിക തൊഴിലാളികളെ ഉൾപ്പെടെ അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള തീരുമാനങ്ങൾ മാത്രമല്ല, അതിലുപരിയായി ഗവൺമെന്റിനെയും വകുപ്പുമന്ത്രിയെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്, ബോണസ് ഉൾപ്പെടെയുള്ള തർക്കങ്ങൾ പരിഹരിക്കാൻ കാണിച്ച ജാഗ്രതയെയാണ്. ഇത്തവണ ഓണത്തിന് ഉൾപ്പെടെ വലിയ നിലയിലുള്ള തൊഴിലാളി-തൊഴിലുടമ തർക്കം നിലനിന്നിരുന്നു. ആ പരാതികളെല്ലാം സമയബന്ധിതമായി പരിഹരിക്കാൻ മന്ത്രിതന്നെ മുൻകയ്യെടുത്ത് യോഗം വിളിച്ചുചേർത്ത് കൈക്കൊണ്ട തീരുമാനങ്ങൾ

ഉൾപ്പെടെ തൊഴിലാളികളും തൊഴിലുടമകളുമായുള്ള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന തരത്തിലേയ്ക്കുള്ള ഒരു സൗഹൃദ അന്തരീക്ഷം നമ്മുടെ നാട്ടിൽ സൃഷ്ടിക്കാൻ വകുപ്പ് തയ്യാറായിട്ടുണ്ട്. വകുപ്പിനെയും മന്ത്രിയെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യംവച്ചുകൊണ്ട് മുന്നോട്ടുപോകുന്ന രീതിയാണ് കണ്ടുവരുന്നത്. പണിയെടുക്കുന്ന തൊഴിലാളികളുടെ മുഖ്യ ആവശ്യമാണ് ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം ലഭിക്കുകയെന്നത്. പലപ്പോഴായി തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നതിനുപോലും സമരത്തിന്റെ പാത സ്വീകരിക്കേണ്ടിവരുന്നു. പക്ഷെ, നല്ല ഇടപെടൽ ഉണ്ടായതുകൊണ്ട് ഈ അടുത്തകാലത്തൊന്നും അത് വേണ്ടിവന്നില്ല. അതുകൊണ്ടുതന്നെ നല്ല

രീതിയിൽ ആ കാര്യത്തിൽ മുന്നോട്ടുപോകുന്ന സർക്കാരെന്ന നിലയിൽ ഈ ബിൽ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ഗുണകരമായി വരികയാണ്. ഒരു തൊഴിലാളിയെ പൗരന്റേതായ ചുമതലകൾ വഹിക്കാൻ യോഗ്യനാക്കുകയും ചെയ്യുന്ന ഒരു വേതനം ഉണ്ടാകണമെന്ന ഒരു ഉദ്ദേശ്യമാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നതെന്ന്, പ്രമുഖ സോഷ്യലിസ്റ്റ് സ്റ്റോഡൻ തന്റെ "ദി ലിവിംഗ് വേജസ്" എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്നത് ഉറപ്പാക്കുന്നതിനായി 1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ നിയമം നിലവിൽ വരികയുണ്ടായി. എന്നാൽ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ന്യായമായ വേതനം നൽകാത്തതിനെതിരെ അവകാശവാദം സമർപ്പിക്കാൻ തൊഴിലാളിയെ പ്രാപ്തനാക്കുന്നതിനും പ്രസ്തുത ആക്റ്റ് പ്രകാരം മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനത്തേക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെങ്കിൽ ക്ലെയിം ഫയൽ ചെയ്യുന്നതിനും കേൾക്കുന്നതിനും തീർപ്പാക്കുന്നതിനുംവേണ്ടി അധികാരിയെ

നിയമിക്കുന്നതിനും അങ്ങനെ നിയമിക്കുന്ന അധികാരിയുടെ തീരുമാനങ്ങളിലുള്ള അപ്പീൽ അധികാരിയെ നിശ്ചയിക്കുന്നതിനും പ്രസ്തുത ആക്റ്റിൽ വ്യവസ്ഥയില്ലായിരുന്നു. ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതിന് ശിക്ഷിച്ചുകഴിഞ്ഞാൽ പിഴ 500/- രൂപയിൽനിന്നും വർദ്ധിപ്പിക്കാനും കോടതി മുമ്പാകെ പരാതി ബോധിപ്പിക്കുന്നതിനുള്ള അധികാരം ഇൻസ്പെക്ടർക്ക് നൽകുന്നതിനും ആക്റ്റിൽ വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരുന്നു. മേൽ ഉദ്ദേശ്യങ്ങളെ വച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ബിൽ സ്വാഗതാർഹമാണ്. ആ ബില്ലിലൂടെ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് കൂടുതൽ സൗകര്യപ്രദമായ രൂപത്തിൽ, അവരുടെ ആവശ്യങ്ങളെ കണ്ടറിഞ്ഞുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും. അതിനായി കൊണ്ടുവന്ന ബില്ലിനെ ഞാൻ എല്ലാവിധത്തിലും അനുകൂലിക്കുന്നു. എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരളത്തിൽ മാത്രമാണ് തൊഴിലാളി ക്ഷേമ ബോർഡുകളുള്ളതും എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്ന സ്ഥിതിവിശേഷവുമുള്ളത്. ഇന്ന് ഏതൊരു കാലഘട്ടത്തെക്കാളും നല്ല തൊഴിൽ അന്തരീക്ഷം കേരളത്തിൽ

ഉണ്ടായിട്ടുണ്ട്. പലപ്പോഴും ചുമട്ടുതൊഴിലാളികളെ സംബന്ധിച്ചാണ് പരാതികൾ പറയുന്നത്. ചില മാധ്യമങ്ങളും ബഹുമാനപ്പെട്ട കോടതിപോലും തെറ്റിദ്ധരിച്ച് പറയുന്നുണ്ട്. ഈ അടുത്ത കാലത്ത് ആലുവയിൽ ഉണ്ടായ ഒരു സംഭവത്തിൽ, അതിഥിത്തൊഴിലാളി കുടുംബത്തിലെ സ്കൂളിൽ പഠിക്കുന്ന കുട്ടിയുടെ സംഭവത്തിൽ നീല ഷർട്ടിട്ട ചുമട്ടുതൊഴിലാളികളാണ് കുറ്റവാളിയെ പിടികൂടാൻ പോലീസിനെ സഹായിക്കുന്നതിനായി വന്നത്. കോവിഡ്-വെള്ളപ്പൊക്ക സമയത്തും തൊഴിലാളികൾ വലിയൊരു പങ്കാണ് വഹിച്ചത്. നാഷണൽ ഹൈവേകളിൽ ആക്സിഡന്റ് നടക്കുന്ന അവസരത്തിലും തൊഴിലാളികളാണ് സഹായിക്കുന്നത്. പതിനാറോളം വരുന്ന ക്ഷേമനിധി ബോർഡുകളാണ് ഇവിടെയുള്ളത്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്ലാന്റേഷൻ രംഗത്ത് തൊഴിലാളികളുടെ ലയങ്ങളുടെ പ്രശ്നമാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി നിൽക്കുന്നത്. പല പ്ലാന്റേഷനിലെയും മുതലാളിമാർ ലയങ്ങൾ നന്നാക്കുന്നതിന് തയ്യാറാകുന്നില്ല. 10 കോടി രൂപ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആ 10 കോടി രൂപ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിലെ തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ വൃത്തിയാക്കുന്നതിന്

ആലോചിക്കുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഗാർഹിക തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ ഒരു നിയമമില്ലാത്തതാണ്. ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളാണ് വീടുകളിൽ ചെന്ന് പണിയെടുത്ത് ജീവിക്കുന്നത്. അവർ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അവർക്ക് പരാതി പറയാൻ ഒരു അതോറിറ്റി ഇല്ലാത്ത സാഹചര്യമാണുള്ളത്. ശമ്പളത്തിന്റെ കാര്യത്തിലും ഒരു ഇടപെടലിന്റെ ആവശ്യമുണ്ട്. ഗാർഹിക തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ആധുനികയുഗത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഗിഗ് വർക്കേഴ്സ്. പതിനായിരക്കണക്കിന് വരുന്ന ചെറുപ്പക്കാരായ സ്ത്രീകളും പുരുഷന്മാരും ഓരോ ജംഗ്ഷനിലും വിവിധ കമ്പനികളുടെ പേരിലുള്ള വേഷമെല്ലാം ധരിച്ച് കാത്തുനിൽക്കുന്നത് കാണാം. അവർക്ക് കൃത്യമായ നിയമമൊന്നുമില്ല. മാത്രമല്ല, അവരുടെ മാനേജ്മെന്റ് ആരാണെന്ന് കാണാൻ സാധിക്കില്ല. കഴിഞ്ഞ മാസം ലേബർ കമ്മീഷണറുടെ മുമ്പാകെ ഒരു കേസ് വരികയുണ്ടായി. സംസാരിച്ചു, പക്ഷെ സെറ്റിൽ ചെയ്യാൻ അതോറിറ്റിയില്ല. അതെല്ലാം നല്ല ചെറുപ്പക്കാരാണ്. ഗിഗ് വർക്കേഴ്സിന്റെ വിഷയത്തിലും ഒരു

നിയമം കൊണ്ടുവരുന്നത് ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന കാര്യം സൂചിപ്പിക്കുകയാണ്. രണ്ട് മാസങ്ങൾക്കുമുമ്പ് ഹരിയാനയിലെ തൊഴിൽ വകുപ്പുമന്ത്രി കേരളത്തിൽ വന്നിരുന്നു. അവിടെ 325/- രൂപയാണ് തൊഴിലാളിക്ക് ഒരു ദിവസം ലഭിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ 750/- രൂപയെങ്കിലും മിനിമം വേതനം കൊടുക്കുകയാണ്. ഏറ്റവും കൂടുതൽ മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനം കേരളമാണ്. അതിന്റെ ഭാഗമായാണ് കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താനുള്ള നിയമത്തിൽ ചെറിയ ഭേദഗതി കൊണ്ടുവന്നത്. അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള കാര്യങ്ങളാണ് ഇതിൽ സൂചിപ്പിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. യു. ജനീഷ് കുമാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2022-ലെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments

148. In section 2 (a) proposed to be inserted in the principal Act by Clause 2 (i) for the words " of the " the words " of this " shall be substituted.

149. In section 2 (aa) proposed to be inserted in the principal Act by Clause 2 (i) after the word " State" the word " Government" shall be inserted.

161. In section 2(ac) proposed to be inserted in the principal Act by Clause 2(ii), for the figure " 4" the figure and symbol " 4(1)" shall be substituted.

168. In section 2(ad) proposed to be inserted in the principal Act by Clause 2(ii), for the words " of Kerala" the word " Government" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 148, 149, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. മന്ത്രി സ്വീകരിച്ച 161-ാം നമ്പർ ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments

177. In section 3A(1) proposed to be inserted in the principal Act by Clause 3 for the words " payment of less than the fair wages" the words " underpayment of fair wages" shall be substituted.

186. In section 3A(2) proposed to be inserted in the principal Act by Clause 3 after the word " authorised" the words " by him" shall be inserted.

188. In the first proviso to section 3A(2) proposed to be inserted in the principal Act by Clause 3 for the word " presented" the word " submitted" shall be substituted.

191. In the second proviso to section 3A(2) of the principal Act, proposed to be inserted by Clause 3 for the words " if the applicant satisfies the authority that he" the words " if the authority is satisfied that the applicant " shall be substituted.

208. In section 3A(3) proposed to be inserted in the principal Act by Clause 3 after the words " motor transport worker" the words " within the prescribed time limit" shall be inserted.

209. In section 3A(3) proposed to be inserted in the principal Act by Clause 3 for the words " actually payable" the word " due" shall be substituted.

219. In section 3A(4) proposed to be inserted in the principal Act by Clause 3 for the words " on application" the words " on an application" shall be substituted.

221. In section 3A(4) proposed to be inserted in the principal Act by Clause 3 for the word " Collector" the words " District Collector concerned" shall be substituted.

Shri M. M. Mani: Sir, I move the following amendment.

200. In section 3A(3) proposed to be inserted in the principal Act, by Clause 3 for the words, symbols and figure " when any application under sub-section (2) is entertained" the words, symbols and figure " when an application under sub-section (2) is received" shall be substituted.

Shri A. Prabhakaran: Sir, I move the following amendment.

210. In section 3A(3) proposed to be inserted in the principal Act by Clause 3 for the word " compensation" the word " penalty" shall be substituted.

Shri H. Salam: Sir, I move the following amendment.

231. In the proviso to section 3A(5), proposed to be inserted in the principal Act by Clause 3, after the words " no appeal" the words " of the employer" shall be inserted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. കെ. കെ. രാമചന്ദ്രന്റെ 175-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

175. In section 3A(1) proposed to be inserted in the principal Act by Clause 3 after the words " State Government" the words " as authority" shall be inserted.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 175-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 177, 186, 188, 208, 209, 219, 221 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>4-ാം വകുപ്പ്</u>

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>5-ാം വകുപ്പ്</u>

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല)

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികളൊന്നും അവതരിപ്പിക്കപ്പെട്ടില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ബില്ലിനെപ്പറ്റി ചുരുക്കി സംസാരിക്കാം. കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ക്ഷീര കർഷകർക്ക് സഹായകരമായ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും അവരുടെ ഉരുക്കൾക്ക് ആവശ്യമായ തീറ്റ, ഔഷധങ്ങൾ, ക്ഷീര വൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ തുടങ്ങിയവ കർഷകർക്ക് വിതരണം ചെയ്യാനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ബോർഡിന് അംഗീകാരം ലഭിക്കുന്നതിനുമാണ് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ആഗ്രഹിക്കുന്നത്. പരമ്പരാഗത ക്ഷീര സംഘങ്ങളുടെ പ്രസിഡന്റുമാർക്കും 'ആനന്ദ്' മാതൃകാ ക്ഷീര സംഘങ്ങളുടെ പ്രസിഡന്റുമാർക്കും ക്ഷീര വികസന വകുപ്പ്, നിയമ വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകളുടെ പ്രതിനിധികളെയും ഒരു കർഷക പ്രതിനിധിയെയും ഈ ബോർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി വഴി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ക്ഷീര കർഷകരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്താനും ക്ഷേമ

പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഉതകുന്ന വ്യവസ്ഥകളാണ് ഈ നിയമ ഭേദഗതി വഴി ഉദ്ദേശിക്കുന്നത്. ഈ ബിൽ സഭയുടെ പരിഗണനയ്ക്കെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതിരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ പറഞ്ഞത് ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ക്ഷീര കർഷകർക്ക് കൂടുതൽ സഹായകരമായ പദ്ധതികൾ നടപ്പാക്കുന്നതിനും ബോർഡിന് കൂടുതൽ അധികാരം നൽകുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭേദഗതിയാണ് എന്നാണ്. അതിൽ ഏറ്റവും സന്തോഷകരമായ ഒരു കാര്യം

ക്ഷീര മേഖലയുടെ നട്ടെല്ലായ കർഷകരുടെ പ്രതിനിധിയെക്കൂടി ഈ ക്ഷേമനിധി ബോർഡിന്റെ ഭാഗമായി മാറ്റാൻ തീരുമാനിച്ചതിലുള്ള പ്രത്യേക സന്തോഷം അറിയിക്കുകയാണ്. കേരളത്തിൽ വളരെ ഭംഗിയായി മുന്നോട്ടുപോകുന്ന ഒരു വകുപ്പാണ് മൃഗസംരക്ഷണ വകുപ്പ്. അതിന് ഏറ്റവും പ്രീയങ്കരിയും ബഹുമാന്യയുമായ വകുപ്പുമന്ത്രിയേയും കേരളത്തിലെ സർക്കാരിനേയും  അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. ആ മേഖലയിൽ വളരെയധികം ആത്മാർത്ഥതയോടുകൂടിയുള്ള മിനിസ്റ്ററുടെ ഇടപെടൽ കാണുമ്പോൾ അഭിമാനം തോന്നാറുണ്ട്. ഏകദേശം 8 ലക്ഷത്തോളം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കൊച്ചുസംസ്ഥാനമാണ് നമ്മുടേത്. ഏകദേശം 3.97 ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് സെക്ടറിൽ ക്ഷീരസംഘങ്ങൾക്ക് വലിയ പ്രാധാന്യമുള്ള സംസ്ഥാനം കൂടിയാണല്ലോ നമ്മുടേത്. 3634 പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലായി പ്രതിദിനം 21.19 ലക്ഷം ലിറ്റർ പാൽ സംഭരിക്കുക എന്ന പ്രത്യേകതയുള്ള സംസ്ഥാനമാണ് നമ്മുടേത്. പാലിന്റെ ഉല്പാദനച്ചെലവ്... ഒരുകാലത്ത് പാലിന് വെള്ളത്തേക്കാൾ വില കുറവായിരുന്ന കേരളത്തിൽ ഇപ്പോൾ ഒരു ലിറ്റർ പാലിന് 58 രൂപ

നൽകണം. നല്ല രൂപത്തിൽ പാലിന്റെ വില വർദ്ധിപ്പിച്ച് കർഷകനെ സഹായിക്കാൻ നമ്മുടെ ഗവൺമെന്റ് ഇടപെടുന്നു. കാലാനുസൃതമായി ഓരോ കാര്യങ്ങൾക്കും വർദ്ധനവുണ്ടാകുമ്പോൾ ക്ഷീരകർഷകൻ ഉല്പാദിപ്പിക്കുന്ന പാലിന് വിലയില്ലായിരുന്നുവെന്ന പരാതിക്ക് വലിയൊരു അറുതി വരുത്തിയിട്ടുണ്ട്. ന്യായമായും മാന്യമായുമുള്ള വില നൽകാനായി ശ്രമിക്കുന്നുണ്ട്. പാലിന്റെ ഉല്പാദനച്ചെലവ് കുറച്ചുകൊണ്ട് പാലുല്പാദനം ലാഭകരമാക്കിയാൽ മാത്രമേ പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ കഴിയൂ എന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ളൊരു പ്രവർത്തനംകൂടി ഇന്ന് വകുപ്പ് നടത്തുന്നുണ്ട്. അതിനായി ധാരാളം ആനുകൂല്യങ്ങൾ വകുപ്പുവഴി നൽകുന്നുണ്ട്, ഇൻസെന്റീവ് നൽകുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ലിറ്ററിന് ഏകദേശം 4 രൂപ വച്ച് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി നൽകുന്നതിനായി 28.57 കോടി രൂപ മാറ്റിവച്ചിരിക്കുന്നു എന്നുപറഞ്ഞാൽ അത് ചെറിയ കാര്യമല്ല. അവർക്ക് എത്ര സഹായം കൊടുത്താലും.... ഞാൻ എപ്പോഴും ഓർക്കാറുണ്ട്, പശുവിനെ പരിപാലിക്കുകയെന്നത് മറ്റേതൊരു ജോലി ചെയ്യുന്നതിനെക്കാളും പ്രയാസമാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ

രാഷ്ട്രീയ ആയുധമാണ് പശു. ഗോമാതാവിനെ വച്ചുകൊണ്ട് രാഷ്ട്രീയ ആയുധം നടത്തുകയാണ്. തട്ടിപ്പുരാഷ്ട്രീയ ആയുധമാക്കി ഗോമാതാവെന്നുപറഞ്ഞ് പശുവിനെ കാണിക്കുമ്പോൾ ഗോമാംസത്തിന്റെ പേരിൽ, ഗോമാംസം കഴിക്കുന്നത് വിലക്കിക്കൊണ്ട് മറ്റൊരു കപടമുഖം പ്രകടിപ്പിക്കുമ്പോൾ കേരളത്തിലെ ഗവൺമെന്റ് പശുവിനെ ആദരിക്കുകയല്ല ചെയ്യുന്നത്, പശുവിനെ പരിപാലിക്കുന്ന കർഷകരെ ആദരിച്ചുകൊണ്ട് അവർക്ക് മാന്യമായ, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് എങ്ങനെയാണ് പാലുല്പാദനത്തിൽ നമ്മുടെ നാടിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുക എന്ന് ചിന്തിക്കുകയാണ്. മലയാളിയുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്തൊരു വിഭവമാണല്ലോ ചായ അല്ലെങ്കിൽ പാലും പാലുല്പന്നങ്ങളുമൊക്കെ. അതുകൊണ്ടുതന്നെ ഈ മേഖലയിലേയ്ക്ക് കൂടുതലായി ആളുകളെ എങ്ങനെ ആകർഷിച്ച് കൊണ്ടുവരാൻ കഴിയും, വളരെ കഷ്ടപ്പെട്ട് ജീവിക്കുന്ന നിലവിലുള്ള ക്ഷീരകർഷകരെ എങ്ങനെ പിടിച്ചുനിർത്താൻ കഴിയുമെന്ന രൂപത്തിലാണ് നമ്മുടെ പ്രവർത്തനങ്ങൾ നടത്തുന്നത്.

തീറ്റപ്പുൽ കൃഷി വികസന പദ്ധതി, ഏറ്റവും കൂടുതൽ കർഷകർ അനുഭവിക്കുന്നൊരു പ്രയാസം കാലിത്തീറ്റയാണ്. കഴിഞ്ഞ ദിവസം ഒരു ബില്ലിന്റെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുമായി ആന്ധ്രാപ്രദേശ് സന്ദർശിക്കാൻ ഞങ്ങൾക്കൊക്കെ അവസരമുണ്ടായി. അവിടെ പശുക്കൾക്കുവേണ്ടി തീറ്റപ്പുൽക്കൃഷിയടക്കം വ്യാപകമായി നടത്തുന്ന പ്രദേശങ്ങൾ ഞങ്ങൾ സന്ദർശിക്കുകയുണ്ടായി. അതുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ ധാരാളം പ്രദേശത്ത് നമ്മളത് ചെയ്യുന്നുണ്ടെങ്കിൽപ്പോലും.... ഏകദേശം 13.42 ലക്ഷം കന്നുകാലികൾ ഉള്ളൊരു നാടാണ് നമ്മുടേത്. അവിടെ 134.2 ലക്ഷം, ആ വ്യത്യാസം വളരെ വലുതാണ്. 134.2 ലക്ഷം മെട്രിക് ടൺ പച്ചപ്പുല്ലാണ് പ്രതിവർഷം ഇവയ്ക്കായി ആവശ്യമുള്ളത്. പച്ചപ്പുൽ നൽകിയാൽ മാത്രമേ നന്നായി പാൽ ലഭിക്കുകയുള്ളൂ. ഏകദേശം 1.62 ലക്ഷം ഹെക്ടർ സ്ഥലത്ത് ആ കൃഷി ചെയ്താൽ മാത്രമേ നമുക്ക് അത്രയും ഉല്പാദനം നടത്താൻ കഴിയുകയുള്ളൂ. നടപ്പുവർഷം ഏകദേശം 2231 ഹെക്ടർ സ്ഥലത്ത് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വകുപ്പ് പറഞ്ഞു. അത് ഏറ്റവും കാര്യക്ഷമമായി

നടപ്പാക്കാൻ അങ്ങേയ്ക്കും അങ്ങയുടെ വകുപ്പിനും കഴിയട്ടെയെന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അതുപോലെത്തന്നെ കാലിത്തീറ്റ ധനസഹായ പദ്ധതി. എന്റെ വീട്ടിൽ നാല് പശുക്കളുണ്ടായിരുന്നു. ക്ഷീര കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് എനിക്കറിയാം. പലപ്പോഴും മുതിർന്നവരോ മാതാപിതാക്കളോ ആണ് ഇതെല്ലാം ചെയ്യുന്നത്. മക്കളെ സംബന്ധിച്ച് അവർ പാൽ കുടിക്കാനോ അല്ലെങ്കിൽ ചായ കുടിക്കാനോ മാത്രമായിട്ടായിരിക്കും ഇത് കാണുന്നത്. ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രയാസം നേരിട്ടുകണ്ട് ബോധ്യപ്പെട്ടിട്ടുള്ളൊരു ആളാണ് ഞാൻ. നമുക്കറിയാം, പഴയ കാലത്തെ ക്ഷീരകർഷകരെ സംബന്ധിച്ച് ഭയങ്കര ടെൻഷനാണ്. ഏതുസമയത്തും ടെൻഷനിലൂടെ പോകുന്നവരാണ്. ഞാൻ പലപ്പോഴും ഓർക്കും, ഒരുകാലത്ത് പ്രായമായ കുഞ്ഞുങ്ങളെ വീട്ടിൽ തനിച്ചാക്കി ആരും എങ്ങും പോകില്ലായിരുന്നു. എന്നാൽ ഈ ആധുനിക കാലഘട്ടത്തിൽ കന്നുകാലികൾ വീട്ടിലുണ്ടെങ്കിൽ ഒരു തരത്തിലും സ്വതന്ത്രമായി എങ്ങോട്ടും, ഒരു ഫംങ്ഷന് പോയാൽപ്പോലും ടെൻഷനടിച്ച് വീട്ടിലേയ്ക്ക് പോകുന്ന ക്ഷീരകർഷകരെ നമ്മൾ കാണാറുണ്ട്. അതുകൊണ്ട്

ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതും പ്രധാനമായിട്ടുള്ളതുമായൊരു മേഖല തന്നെയാണിത്.

ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണവും ഇക്കാലത്ത് ഏറ്റവും പ്രസക്തമാണ്. പിന്നോക്കം നിൽക്കുന്ന ക്ഷീര സംഘങ്ങൾക്ക് നമ്മുടെ ഗവൺമെന്റ് ഇപ്പോൾ ബൂസ്റ്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, മിൽക്ക് ഷെഡ് വികസന പദ്ധതി. കുട്ടനാട് പോലെയുള്ള സ്ഥലങ്ങളിലെ ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രശ്നം വെള്ളപ്പൊക്കമാണ്. ഇക്കഴിഞ്ഞ 2018-ൽ വെള്ളപ്പൊക്കം വന്നപ്പോൾ കുട്ടനാട്ടിൽ കുറേയധികം പ്രതിസന്ധികൾ ഉണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും നേതൃത്വത്തിൽ കുട്ടനാട്ടിൽ എലിവേറ്റഡ് ക്യാറ്റിൽ ഷെഡ് ആവിഷ്കരിച്ചു. ഏറ്റവും ശ്രദ്ധേയമായൊരു പദ്ധതിയാണ് കുട്ടനാട്ടിൽ ആവിഷ്കരിച്ചത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ പശുവിനെ ഒരു രാഷ്ട്രീയ ആയുധമാക്കുകയല്ല കേരളത്തിൽ ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റോ അല്ലെങ്കിൽ പശു രാഷ്ട്രീയം കൊണ്ടുനടക്കുന്നവരും മനസ്സിലാക്കേണ്ടൊരു കാര്യമാണിത്. പശുവിനെ പരിപാലിച്ചുപോരുന്ന മനുഷ്യരുടെ ജീവിതം സംരക്ഷിക്കാൻ ആവശ്യമായ പദ്ധതികളാണ്. എലിവേറ്റഡ് ക്യാറ്റിൽ ഷെഡ്ഡ്

രൂപകല്പന ചെയ്തുകൊണ്ട് കുട്ടനാട് താലൂക്കിൽ പുതിയ മാതൃകയിൽ, വെള്ളം കയറിയാൽപ്പോലും പശുക്കൾക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ... ഇതൊക്കെ അനുഭവിച്ചറിയുമ്പോഴുണ്ടാകുന്ന വിഷമം, കുട്ടനാട്ടിലെ കർഷകരൊക്കെ അനുഭവിക്കുന്ന വിഷമം ഒരുപക്ഷേ ഞാൻ അല്ലെങ്കിൽ അമ്പലപ്പുഴ അംഗം ശ്രീ. എച്ച്. സലാം സഖാവൊക്കെ നേരിട്ട് കാണുന്നതാണ്. പല പ്രദേശങ്ങളിലും നമ്മളിതൊക്കെ നേരിട്ട് കാണുന്നതാണ്. അവിടെയാണ് ഈ ക്യാറ്റിൽഷെഡ് നിർമ്മിച്ച് ശ്രദ്ധേയമായ ഒരു ഇടപെടൽ നമ്മൾ നടത്തിയത്.

അതുപോലെത്തന്നെ ഇവിടെയിരിക്കുന്ന പല എം.എൽ.എ.-മാർക്കും അനുഭവമുള്ളതാണ് 'ക്ഷീര ഗ്രാമം' എന്നൊരു പദ്ധതി. മനോഹരമായ രൂപത്തിൽ നമുക്കിന്ന് നടപ്പാക്കാൻ കഴിയുന്നൊരു പദ്ധതിയാണ്. എല്ലായിടത്തും അത് ലഭിക്കുന്നില്ലെങ്കിൽപ്പോലും ഒരു മണ്ഡലത്തിൽ ഒന്നോ രണ്ടോ പഞ്ചായത്തുകളിലെങ്കിലും നമുക്ക് 'ക്ഷീര ഗ്രാമം' പദ്ധതി ലഭ്യമാകുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തുന്നുണ്ട്. 'ക്ഷീര ഗ്രാമം' പദ്ധതിവഴി ക്ഷീരകർഷകർക്ക് ഡയറക്ട് ബെനിഫിറ്റായി ആനുകൂല്യം നൽകാൻ ലക്ഷ്യമിടുന്നുണ്ട്. അതിദരിദ്ര വനിതകൾക്ക് പശുവിനെ

നൽകിക്കൊണ്ട്... ഒരു പശുവിനെ വളർത്തുന്ന വീട്ടമ്മയ്ക്ക് വളരെ അഭിമാനത്തോടെ ജീവിക്കാൻ കഴിയുന്നൊരു സാഹചര്യം നമുക്ക് സൃഷ്ടിച്ചുകൊടുക്കാൻ കഴിയും. ആ രൂപത്തിൽ ദരിദ്ര വനിതകളെ ഫോക്കസ് ചെയ്തുകൊണ്ട് അവർക്ക് പശുവിനെ നൽകുന്ന ഒരു പദ്ധതി ക്ഷീര സഹകരണ സംഘങ്ങൾ വഴി ഇപ്പോൾ നടത്തുന്നുണ്ട്.

ക്ഷീര മേഖലയുമായി ബന്ധപ്പെടുമ്പോൾ നമ്മുടെയെല്ലാം മനസ്സിലേയ്ക്ക് വരുന്നതാണ് ഗുണനിലവാരമുള്ള പാലും പാലുല്പന്നങ്ങളും ലഭിക്കുക എന്നുള്ളത്. പലപ്പോഴും മായം കലർന്ന... ഇത്രയധികം പാൽ ആവശ്യമുള്ളൊരു സംസ്ഥാനത്ത് നമ്മൾ സ്വയംപര്യാപ്തതയിലേയ്ക്ക് അടുക്കുന്നതേയുള്ളൂ. കുറേ പാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്നുണ്ട്. അവയുടെ ഗുണനിയന്ത്രണ പരിശോധനയ്ക്കായി ലാബുകളെ ശക്തിപ്പെടുത്തുന്നതിന് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നുണ്ട്. അതും വളരെവേഗം ഇംപ്ലിമെന്റ് ചെയ്യേണ്ടൊരു പദ്ധതിയാണെന്ന് സന്ദർഭവശാൽ ചൂണ്ടിക്കാണിക്കുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, ക്ഷീരകർഷക കാലിത്തീറ്റ ധനസഹായ പദ്ധതി പ്രത്യേകമായി കൊടുക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തണം. ക്ഷീര കർഷക ക്ഷേമനിധിക്ക് ഇൻഷ്വറൻസ്

പരിരക്ഷയ്ക്കായുള്ള ധനസഹായം, സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, ക്ഷീര കർഷകർക്ക് കൈത്താങ്ങായി പ്രവർത്തിക്കുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നിവ ലക്ഷ്യംവച്ചുകൊണ്ട് ഒട്ടേറെ പരിപാടികൾ നാം ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ക്ഷേമനിധി അംഗത്വത്തിലൂടെ.... ഇപ്പോൾ ഏതൊരു ആനുകൂല്യം ലഭിക്കുന്നതിനും ക്ഷേമനിധി അംഗത്വം ആവശ്യമാണ്. അതുകൊണ്ട് ഈ ക്ഷേമനിധിയുടെ പ്രാധാന്യം ജനങ്ങൾക്കിടയിലേയ്ക്ക് ഈ ഒരു ഭേദഗതിയിലൂടെ കൂടുതൽ എത്തിക്കാൻ നമുക്ക് സാധിക്കും. അതിൽ ഏറ്റവും ആകർഷകമായ കാര്യം കർഷക പ്രതിനിധിയെക്കൂടി അതിലേയ്ക്ക് ഉൾപ്പെടുത്തുന്നു എന്നുള്ളതാണ്. ധാരാളം ആനുകൂല്യങ്ങൾ നമുക്ക് ക്ഷേമനിധി ബോർഡുവഴി നൽകാൻ കഴിയുന്നുണ്ട്. അതിൽ ഏറ്റവും സന്തോഷകരമായ കാര്യം, ഓണത്തിന് 'ഓണമധുരം' എന്ന രൂപത്തിൽ ക്ഷീര കർഷകർക്കുവേണ്ടി പ്രത്യേക ധനസഹായം നൽകാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട് എന്നുള്ളതാണ്.

ചെറിയൊരു ഭേദഗതിയാണെങ്കിൽപ്പോലും ഇത് വലിയ ചലനങ്ങൾ സൃഷ്ടിക്കും. 2005 ആഗസ്റ്റ് 24-ന് വന്നൊരു ഓർഡിനൻസിലൂടെ നിയമമായ ഒരു നിയമത്തിൽ വന്ന ബോർഡാണ്. ഈ ഭേദഗതിയിലൂടെ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചെടുക്കാൻ തീർച്ചയായും കഴിയും. ഒപ്പം, ക്ഷീരകർഷകരുടെ ജീവിതത്തിലേയ്ക്ക് അവർക്ക് എല്ലാ സഹായങ്ങളും... അത്യധികം കഷ്ടപ്പെട്ട് ജീവിക്കുന്നവർ ആയതുകൊണ്ട് അവർക്കുവേണ്ട എല്ലാ സഹായങ്ങളും അവരുടെ വാതിൽപ്പടിയിൽ എത്തിക്കാൻ മന്ത്രിക്കും വകുപ്പിനും കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഇവിടെ പ്രതിപക്ഷാംഗങ്ങൾ ആരുംതന്നെയില്ല. ഭരണപക്ഷത്തെ ശ്രീമതി യു. പ്രതിഭയാണ് സംസാരിച്ചത്. ഇന്ന് ക്ഷീര മേഖലയിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളെ കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സംസാരിച്ചത്. അതിനകത്ത് ഇത്തവണ ഒരു ഭേദഗതി ബില്ലാണ് ഇവിടെ കൊണ്ടുവരുന്നത്. കർഷക പ്രതിനിധികളെ ഉൾപ്പെടെ ഇതിനകത്ത് ഉൾപ്പെടുത്താനും അതുപോലെത്തന്നെ ക്ഷീര വികസന വകുപ്പിൽ അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും പെൻഷൻ

നൽകുന്നതിനും ക്ഷീര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് സാമൂഹിക, സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാൽ ഉല്പാദന രംഗത്ത് സ്വയം പര്യാപ്തത നേടുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലകളിലേയ്ക്ക് കൊണ്ടുവരിക എന്നീ ലക്ഷ്യത്തോടുകൂടിയാണ് ഞങ്ങൾ ഇത്തവണ ഈ ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ ത്വരിതപ്പെടുത്തുവാനും അവർ കൊണ്ടുവരുന്ന നിരവധി പദ്ധതികൾ നമ്മുടെ ക്ഷീര കർഷകർക്ക് പ്രയോജനം ചെയ്യുന്ന നിലയിൽ ഉപയോഗിക്കുവാനും മറ്റുമാണ് ഇത്തവണ ഈ ഭേദഗതി കൊണ്ടുവന്നത്. ക്ഷീര കർഷക ക്ഷേമനിധിയിൽനിന്നും നിലവിൽ നിരവധി സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം എടുത്ത് പരിശോധിച്ചാൽ നിശ്ചിത യോഗ്യത നേടിയ ഏകദേശം 58479 അംഗങ്ങൾക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ പെൻഷൻപോലും നൽകുന്നത് ക്ഷേമനിധി ബോർഡിൽ നിന്നാണ്. ഇതിനകത്ത് 1300 രൂപ നമ്മുടെ ഗവൺമെന്റ് നൽകുമ്പോൾ 300 രൂപ നൽകുന്നത് കേരളത്തിലെ ക്ഷേമനിധി ബോർഡാണ്. നിലവിൽ 3973 അംഗങ്ങൾക്ക്, അവരുടെ നോമിനികൾക്ക് കുടുംബ പെൻഷൻ ഉൾപ്പെടെ

നൽകിവരുന്നുണ്ട്. ക്ഷേമനിധിയിൽപ്പെട്ട ഒരു അംഗം മരിച്ചുപോയാൽ അവരുടെ നോമിനികൾക്കാണ് കുടുംബ പെൻഷൻ നൽകുന്നത്. ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 5000 രൂപ വീതം നൽകുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ ധനസഹായം നൽകുന്നു, മികച്ച ക്ഷീര കർഷകരെ ആദരിക്കുന്നു, അവർക്ക് ധനസഹായം നൽകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിലെ ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും വിവിധ ധനസഹായ പദ്ധതികളിൽ ആകെ 99.69 കോടി രൂപയുടെ ധനസഹായ പദ്ധതികളാണ് കർഷകർക്ക് നൽകിയിരിക്കുന്നത്. ഞാൻ ഒട്ടേറെ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തവണ കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാനും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് സഹായകരമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുമുള്ള ബില്ലാണ് ഇന്ന് സഭയിൽ അവതരിപ്പിച്ചത്. ഈ ബിൽ പാസ്സാക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

മി. സ്പീക്കർ: പ്രസ്തുത ബില്ലിന്റെ ഭാഗമായി പുതിയ രണ്ടാം വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ രണ്ടാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

363. നിലവിലുള്ള ഖണ്ഡം 2-ന് മുൻപ് താഴെപ്പറയുന്നത് ഖണ്ഡം 2 ആയി ചേർക്കുകയും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

“ 2. ദീർഘശീർഷകത്തിന്റെ ഭേദഗതി- 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിന് പകരം താഴെപ്പറയുന്ന ദീർഘശീർഷകം ചേർക്കേണ്ടതാണ്, അതായത്:-

“ കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്” ”

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 363-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(രണ്ടാം വകുപ്പ് പുനരക്കം ചെയ്ത് മൂന്നാം വകുപ്പായി)

രണ്ടാം വകുപ്പ് (പുനരക്കം ചെയ്ത മൂന്നാം വകുപ്പ്)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

364. പുനരക്കം ചെയ്ത 3-ാം ഖണ്ഡത്തിൽ "2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "പ്രധാന ആക്റ്റിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ " സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക്" എന്നതിനു പകരം " സംസ്ഥാനത്തെ ക്ഷീരകർഷകർക്ക്" എന്ന് ചേർക്കുക.

165. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള" എന്നതിനു പകരം "എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള" എന്ന് ചേർക്കുക.

168. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "ഉൾപ്പെടെയുള്ള" എന്നതിനു പകരം "ഉൾപ്പെടെ" എന്ന് ചേർക്കുക.

172. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠികയിൽ "ധനസഹായങ്ങൾ" എന്നതിനു പകരം "ധനസഹായ പദ്ധതികൾ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:-
" പീഠിക. - കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണം ഉൾപ്പെടെയുള്ള മറ്റ് ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ; "

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഞാൻ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 139, 165, 168, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(മൂന്നാം വകുപ്പ് പുനരക്കം ചെയ്ത് നാലാം വകുപ്പായി.)

മൂന്നാം വകുപ്പ് (പുനരക്കം ചെയ്ത നാലാം വകുപ്പ്)

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

195. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)- ൽ " പേരിലുള്ള" എന്നതിന് പകരം "പേരിലുള്ളതുമായ" എന്ന് ചേർക്കുക.

199. പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500" എന്നതിന് പകരം " അഞ്ഞൂറ്" എന്ന് ചേർക്കുക.

205. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "നിലവിലുണ്ടായിരുന്ന" എന്നതിന് പകരം "പ്രാബല്യത്തിലുണ്ടായിരുന്ന" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

197. പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500" എന്നതിന് പകരം " 300" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. പ്രധാന ആക്റ്റിലെ വകുപ്പ് 2 (ഡി)-ൽ " വിപണനം നടത്തുകയും" എന്നതിന് പകരം "നൽകുകയും" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ "വരെ" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

208. ഖണ്ഡം 3(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ " വരെ രജിസ്റ്റർ ചെയ്ത" എന്നതിന് പകരം " രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇപ്പോൾ" എന്ന് ചേർക്കുക.

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 3 (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എംഎ)-ൽ " പ്രവർത്തിച്ചുവരുന്നതും" എന്നതിന് പകരം " പ്രവർത്തിച്ചു വന്നിരുന്നതും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിന്റെ 198-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

198. പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500" എന്നതിന് പകരം " അഞ്ഞൂറ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 198-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 199-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 195, 205 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(നാലാം വകുപ്പ് പുനരക്കം ചെയ്ത് അഞ്ചാം വകുപ്പായി.)

നാലാം വകുപ്പ് (പുനരക്കം ചെയ്ത അഞ്ചാം വകുപ്പ്)

ശ്രീമതി കെ. ശാന്തകുമാരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ “ സ്ഥാപനങ്ങൾ" എന്ന വാക്കിനു പകരം "സ്ഥാപനങ്ങളും വിതരണക്കാരും" എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

220. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ “ വിതരണക്കാരും," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം “ ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാതാക്കളും വിതരണക്കാരും," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

222. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ “ നിന്നും" എന്നതിന് ശേഷം “ ലഭിക്കുന്ന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

225. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ "സർക്കാർ നിശ്ചയിക്കുന്ന" എന്നതിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. എ. സി. മൊയ്തീന്റെ 219-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

219. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ " സ്വകാര്യ/സഹകരണ ഡയറി ഉടമകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സ്വകാര്യ ഡയറി ഉടമകളും സഹകരണ ഡയറി സ്ഥാപനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 219-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. ശാന്തകുമാരി അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 220, 222 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(അഞ്ചാം വകുപ്പ് പുനരക്കം ചെയ്ത് ആറാം വകുപ്പായി.)

അഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത ആറാം വകുപ്പ്)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

365. പുനരക്കം ചെയ്ത ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ക്ഷേമനിധിയിലേക്ക്" എന്നതിന് പകരം "ബോർഡിലേക്ക്" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ " എന്നതിനു പകരം "സർക്കാർ" എന്ന് ചേർക്കുക.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ഉദ്യോഗസ്ഥൻ" എന്നതിനു ശേഷം "പരിശോധിച്ച് " എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 5(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) താഴെ പറയും പ്രകാരം മാറ്റുക.
“ (2) അംഗത്വം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫാറത്തിൽ നേരിട്ടോ അല്ലെങ്കിൽ ഓൺലൈനായോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഈ ആവശ്യത്തിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ളതും അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരിതയുള്ളതുമായ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കുന്ന അപേക്ഷ അപേക്ഷകനുമായി ബന്ധപ്പെട്ട ക്ഷീരസംഘം പരിശോധിച്ച് ശിപാർശ ചെയ്ത ശേഷം അപ്രകാരമുള്ള ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ക്ഷേമനിധിയിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

271. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയാൻ" എന്നതിനു ശേഷം “ ബോർഡ്” എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "അതിൻകീഴിലുണ്ടാക്കിയ" എന്നതിനു പകരം "അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

270. ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ " തള്ളിക്കളയുന്ന" എന്നതിന് പകരം "തള്ളിക്കളയുവാൻ തീരുമാനമെടുക്കുന്ന" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ന്റെ ക്ലിപ്തനിബന്ധനയിൽ " രജിസ്റ്റർ ചെയ്യുന്നതിനുള്ള" എന്നതിനു പകരം " അംഗത്വത്തിനുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. ശ്രീ. മോൻസ് ജോസഫിന്റെ 272-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ " ഏഴ്" എന്നതിനു പകരം "പതിനാല് " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 365, 272-ാം നമ്പർ ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 270, 271 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(ആറാം വകുപ്പ് പുനരക്കം ചെയ്ത് ഏഴാം വകുപ്പായി.)

ആറാം വകുപ്പ് (പുനരക്കം ചെയ്ത ഏഴാം വകുപ്പ്)

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

286. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ " ഓരോ സംഘവും" എന്നതിനു ശേഷമുള്ള " ," ചിഹ്നം ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ " എപ്പോൾ ആവശ്യപ്പെട്ടാലും" എന്നതിനു പകരം " ആവശ്യപ്പെടുന്ന സമയത്ത് " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 286-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(ഏഴാം വകുപ്പ് പുനരക്കം ചെയ്ത് എട്ടാം വകുപ്പായി)

ഏഴാം വകുപ്പ് (പുനരക്കം ചെയ്ത എട്ടാം വകുപ്പ്)

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

305. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ " ബോർഡിൽ" എന്ന വാക്കിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

328. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)(ജെ)-ൽ "ചെയ്യുന്ന" എന്നതിന് ശേഷം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

338. ഖണ്ഡം 7 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8(3)(ജെ)-ൽ "കർഷക" എന്നതിന് പകരം "ക്ഷീരകർഷക" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)(എ)-ൽ "ആൾ വീതം" എന്നതിനു പകരം "ആൾവീതവും, അതിൽ ഒരാൾ വനിതയായിരിക്കണമെന്നും" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

330. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)(ജെ)-ൽ "ഒരു കർഷക പ്രതിനിധി" എന്നതിന് പകരം "രണ്ട് ക്ഷീരകർഷക പ്രതിനിധികൾ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

339. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 8(3)(ജെ)ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക:
"(കെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ക്ഷീരകർഷക പ്രതിനിധികൾ; ആയതിൽ ഒരാൾ വനിതയായിരിക്കണം."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 338-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 305, 328 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(എട്ടാം വകുപ്പ് പുനരക്കം ചെയ്ത് ഒൻപതാം വകുപ്പായി.)

<u>പുനരക്കം ചെയ്ത ഒൻപതാം വകുപ്പ്</u>

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

340. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നതിന് ശേഷം ",” എന്ന ചിഹ്നം ചേർക്കുക.

350. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ “ കൈകാര്യം ചെയ്ത് " എന്നതിന് പകരം "ചട്ടപ്രകാരം " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

343. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ "കുറയാത്ത തസ്തികയിൽ ആ വകുപ്പിൽ തന്നെ ജോലി ചെയ്യുന്ന" എന്നതിന് പകരം "കുറയാത്തതും ആ വകുപ്പിൽ തന്നെ ജോലി ചെയ്യുന്നതുമായ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(2)-ൽ "ബോർഡ് യോഗങ്ങളിൽ പങ്കെടുക്കേണ്ടതും" എന്നതിനു ശേഷം "ബോർഡ് യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ മിനിറ്റ്സിൽ ഒപ്പുവെച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 340, 350 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പുനരക്കം ചെയ്ത ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പുനരക്കം ചെയ്ത ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പുനരക്കം ചെയ്ത ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(ഒൻപതാം വകുപ്പ് പുനരക്കം ചെയ്ത് പത്താം വകുപ്പായി)

<u>പുനരക്കം ചെയ്ത പത്താം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും 2023 സെപ്റ്റംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 06.04-ന് പിരിഞ്ഞു).

* * *